# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3433** | **11.12.2018 ൽ മറുപടിയ്ക്ക്**

## പഴം പച്ചക്കറി കർഷകർക്കുള്ള സഹായ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.പി.കെ.ബഷീർ<br>ഡോ.എം. കെ. മുനീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ള പഴം പച്ചക്കറി കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) ഉണ്ട്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>പച്ചക്കറി വികസന പദ്ധതി</u><br>പ്രളയത്തിൽ സംസ്ഥാനത്താകെ 10859 ഹെക്ടർ സ്ഥലത്തെ പച്ചക്കറി കൃഷിയ്ക്ക് നാശം സംഭവിച്ചു. കാർഷിക മേഖലയിൽ പച്ചക്കറി കൃഷിയ്ക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ബഹുമുഖ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രളയക്കെടുതികളിൽ നിന്നും കർഷകരെ കൈപ്പിടിച്ചുയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷിക മേഖലയുടെ പുന:സൃഷ്ടിക്കുമായി 'പുനർജ്ജനി' എന്ന പേരിൽ പ്രത്യേക പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. കർഷകർക്ക് ആവശ്യമായ പച്ചക്കറി തൈകളും പച്ചക്കറി വിത്തു പായ്ക്കറ്റുകളും സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br><u>സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ</u><br>പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ള പഴം പച്ചക്കറി കർഷകരെ സഹായിക്കുന്നതിന് കേന്ദ്ര സർക്കാർ അനുവദിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി വിളവിസ്തൃതി |

വ്യാപനത്തിനായി അനുവദിച്ച സഹായങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഘടകം | ഭൗതിക ലക്ഷ്യം(ഹെക്ടർ) | സാമ്പത്തിക ലക്ഷ്യം(രൂപ ലക്ഷത്തിൽ) |
|---|---|---|---|
| വിള വിസ്തൃതി വ്യാപനം | | | |
| 1 | സ്ട്രോബറി | 100 | 150 |
| 2 | വാഴ | 20000 | 5250 |
| 3 | കൈതച്ചക്ക | 500 | 131.25 |
| 4 | ടിഷ്യുക്കൾച്ചർ വാഴ | 1000 | 375 |
| 5 | മാവ് | 500 | 90 |
| 6 | പ്ലാവ് | 250 | 45 |
| 7 | ഹൈബ്രിഡ് പച്ചക്കറി കൃഷി | 10000 | 2000 |

ബി) കർഷകർക്കാവശ്യമായ നടീൽ വസ്തുക്കളും വളങ്ങളും സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

ബി) പ്രളയാനന്തരം കർഷകർക്കാവശ്യമായ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറി വിത്ത്, പച്ചക്കറി തൈകൾ എന്നിവ സൗജന്യമായി വിതരണം നടത്തുന്ന പ്രവർത്തനം പുരോഗമിച്ചു വരുന്നു. 2018-19 വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന വിവിധ വിള വികസന പദ്ധതികൾ, മണ്ണ് പരിപോഷണ പദ്ധതി എന്നിവയിലൂടെ ജൈവവളവും രാസവളവും കർഷകർക്ക് സൗജന്യ നിരക്കിൽ നൽകി വരുന്നു. 6497.58 MT നെൽ വിത്ത് സൗജന്യമായി വിതരണം ചെയ്തു. ഈ ഇനത്തിൽ 25.99 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിച്ചിട്ടുണ്ട്. 75% സബ്സിഡി നിരക്കിൽ 23100 ഹെക്ടർ സ്ഥലത്തേയ്ക്ക് 5400/- രൂപ നിരക്കിൽ കുമ്മായം വിതരണം ചെയ്തു. ഈ ഇനത്തിൽ കർഷകർക്ക് 23.40 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇതേ ആവശ്യത്തിന് 5.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്തുവരുന്നു.

സി) ഇത്തരം കർഷകരുടെ എല്ലാ കടങ്ങളും എഴുതി തള്ളുന്നതിന് നടപടി എടുക്കുമോ?

സി) മഴക്കെടുതി മൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേയ്ക്ക് SLBC മോറട്ടോറിയം പ്രഖ്യാപിച്ചു. കാർഷിക വായ്പകളിന്മേലും വിദ്യാഭ്യാസ വായ്പകളിന്മേലും ഉള്ള ജപ്തി നടപടികൾക്ക് 12/10/2018

മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രളയബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ പുനഃക്രമീകരിക്കുന്നതിനും മോറട്ടോറിയത്തിന്റെ കാലപരിധി കഴിഞ്ഞശേഷം ടേം ലോൺ ആക്കിയാൽ കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കുവാനും തിരിച്ചടവ് തുക തവണകളായി അഞ്ചുവർഷംകൊണ്ട് തിരിച്ചടക്കാവുന്ന രീതിയിൽ പുനഃക്രമീകരിക്കുവാനും സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ